LIBRARY ARCHIVES Kerala Legislative Assembly

പി.സി.ബി., സോളാർ പവർ കണ്ടീഷനിംഗ് യൂണിറ്റ്, സോളാർ പമ്പ് കൺട്രോളർ, വാണിജ്യാടിസ്ഥാനത്തിലുള്ള 5KVA യു.പി.എസ്. സിസ്റ്റം, ലിഥിയം അയൺ ബാറ്ററി അസംബ്ലി പ്ലാന്റ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് കെൽട്രോൺ രൂപം നൽകിയിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി മെഡിക്കൽ ഇലക്ട്രോണിക്സ് മേഖലയിൽ ക്രിട്ടിക്കൽ കെയർ വെന്റിലേറ്റർ, ഇൻഫന്റ് ബേബി വാർമർ, ശ്രവൺ മിനി ഹിയറിംഗ് എയ്ഡ്, കോക്ലിയർ ഇംപ്ലാന്റ് സിസ്റ്റം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള പദ്ധതികളും കെൽട്രോൺ ആവിഷ്കരിക്കുന്നുണ്ട്. ഇലക്ട്രോണിക്സ് അനുബന്ധ മേഖലയ്ക്ക് ആവശ്യമായ ഗവേഷണ വികസന സൗകര്യങ്ങൾ, ആധുനിക ടെസ്റ്റിംഗ് സൗകര്യങ്ങൾ, ഇലക്ട്രോണിക്സ് കമ്പോണന്റ്സിന്റെ നിർമ്മാണ പദ്ധതികൾ എന്നിവയും കേരളത്തിലെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ പുരോഗതിക്കായി കെൽട്രോൺ ആവിഷ്കരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

106(3538) ശ്രീ. അബ്ദുൽ ഹമീദ്. പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ശരാശരി ലാഭവിഹിതം എത്രയാണ്; വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് ലാഭവിഹിതം നൽകിയിട്ടുള്ളത്. പ്രസ്തുത കമ്പനികൾ നൽകിയിട്ടുള്ള ലാഭവിഹിതത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 248.79 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തി ആവശ്യാനുസരണം അനുവദിച്ച് വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. മുൻസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും അടുത്ത പത്ത് വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ടും സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകി. ഓരോ സ്ഥാപനവും അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലയിൽ, വരും വർഷങ്ങളിൽ സാങ്കേതിക രംഗത്തുൾപ്പെടെ എല്ലാ രംഗത്തും ഉണ്ടാകാവുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് വളരെ കൃത്യമായ ആസൂത്രണത്തോടെ ആയിരിക്കണം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ഒന്നാംഘട്ട അവതരണം നടത്തിയിട്ടുണ്ട്. കമ്പനികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാനുകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിലെ ഔദ്യോഗിക തൊഴിലാളി സംഘടനകളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അതത് മേഖലകളിലെ സാങ്കേതിക വിദഗ്ധർ അടങ്ങിയ കമ്മിറ്റി പരിശോധിച്ചതിനുശേഷം സർക്കാരിൽ സമർപ്പിക്കുകയും സർക്കാർതലത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം മാസ്റ്റർ പ്ലാനുകൾക്ക് അന്തിമ അംഗീകാരം നൽകുന്നതുമാണ്. കമ്പനികൾ വൈവിദ്ധ്യവത്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാദ്ധ്യതകളും വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാകുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

വല്ലാർപാടം കണ്ടയ്നർ ടെർമിനൽ പദ്ധതി

107(3539) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വല്ലാർപാടം ഇന്റർനാഷണൽ കണ്ടയിനർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ സമീപത്തായി മുളവുകാട് പഞ്ചായത്തിന്റെ അതിർത്തിയിൽ കണ്ടയിനർ റോഡിന്റെ ഇരുഭാഗങ്ങളിലുമായി സ്ഥിതിചെയ്യുന്നതും കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗവുമായ 250 ഏക്കറോളം കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി വല്ലാർപാടം കണ്ടയിനർ ടെർമിനലിനോട് അനുബന്ധിച്ച വ്യവസായ ആവശ്യങ്ങൾക്കുള്ള പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഭാഗമായി ഗിഫ്റ്റ് സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അയ്യമ്പുഴ വില്ലേജിൽ 220 ഹെക്ടർ സ്ഥലമാണ് കിൻഫ്ര കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വല്ലാർപാടം കണ്ടയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനോട് അനുബന്ധമായുള്ള ഭൂമിയുടെ ഫലപ്രദമായ ഉപയോഗം സംബന്ധിച്ച് സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly